# ഉയർപ്പുക്കാലം

## ആറാം ഞായർ
## വചന വിചിന്തനം

യോഹ 17,21-26

"സ്നേഹത്തിന്റെ പ്രമാണവും വചനപ്രഘോഷണത്തിന്റെ സത്തയും ഒന്നുതന്നെയാണ്, "ഐക്യം" കൂട്ടായ്മ, വളരുംതോറും പിളരുകയും പിളരുംതോറും വളരുകയും ചെയ്യുന്ന ഒന്നല്ല. മറിച്ച്, ക്രിസ്തുവിൽ ഒന്നാകുന്ന വിശ്വാസികളുടെ സമൂഹമാണ്."

വചനത്തിന് സാക്ഷ്യം വഹിക്കുന്നത് സുവിശേഷപ്രസംഗങ്ങളിലൂടെ മാത്രമല്ല. മറിച്ച്, ഐക്യം നിറഞ്ഞ് നിൽക്കുന്ന ജീവിതത്തിലൂടെയുമാണ്.

ക്രിസ്തു തന്റെ പീഢാനുഭവരംഗങ്ങൾ ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് തന്റെ ശിഷ്യൻമാരെയെല്ലാം വിളിച്ച് കൂട്ടി അവർക്ക് വേണ്ടി, അവർ മൂലം ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന മനോഹരമായ രംഗമാണ് സുവിശേഷകൻ നമുക്ക് മുമ്പിൽ അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്ന നമ്മുക്ക് വേണ്ടി രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് തന്നെ പ്രാർത്ഥിക്കുന്ന ക്രിസ്തുവിനെയാണ് യോഹന്നാൻ സുവിശേഷകൻ നമുക്ക് മുമ്പിൽ പങ്കുവയ്ക്കുന്നത്. അവൻ പ്രാർത്ഥിക്കുന്നത്, അവനിൽ വിശ്വസിക്കുന്നവർ ഐക്യത്തിൽ ജീവിക്കുന്നതിന് വേണ്ടിയാണ്.

''അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,20 - 21).

ക്രിസ്തു ഇരുനൂറ് പതിറ്റാണ്ടുകൾക്ക് മുമ്പ് കത്തോലിക്കരുടെ ഐക്യത്തിന് വേണ്ടി പ്രാർത്ഥിച്ചുവെങ്കിൽ, ക്രിസ്തുവിന്റെ ഈ പ്രാർത്ഥന കുറച്ചുകൂടെ ശക്തമായി നാം ഇന്ന് ജപിക്കേണ്ടിയിരിക്കുന്നു. കാരണം, നമ്മുടെ ഐക്യത്തിന് വേണ്ടി പ്രാർത്ഥിച്ച ക്രിസ്തുവിനെ തോൽപ്പിച്ചുകൊണ്ട് ഇന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അനേകം സെക്ടുകളും ഗ്രൂപ്പുകളുമായി പിരിഞ്ഞിരിക്കുന്നു. ഇന്ന് കത്തോലിക്കർ അനേകം സെക്ടുകളും ഗ്രൂപ്പുകളും ചെറുഗ്രൂപ്പുകളുമായി പിരിഞ്ഞിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ഐക്യമില്ലായ്മയാണ്. ഐക്യമില്ലാത്തതിന് കാരണം സ്നേഹകുറവ് തന്നെയാണ്.

ക്രിസ്തു പറയുന്നു, "ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34 - 35). ക്രിസ്തു സ്നേഹിച്ചത് ക്രിസ്തുവിനെ സ്നേഹിച്ചവരെ മാത്രമല്ല. മറിച്ച്, ക്രിസ്തുവിനെ ദ്രോഹിച്ചവരെ കൂടെയാണ്. അതുകൊണ്ടാണ് ക്രിസ്തു തന്റെ പ്രിയ്യപ്പെട്ടവരുടെ അടുത്ത് ഇപ്രകാരം പറഞ്ഞ് വച്ചത്, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34 - 35).

കൊച്ചുതോമ വളരെ അടക്കവും ഒതുക്കവുമുള്ള മിടുക്കനായ ഒരു കുട്ടിയാണ്. ഒരു ദിവസം അവൻ വീട്ടിൽ വന്നു അമ്മയോട് പറഞ്ഞു,

''ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ക്രിസ്തുമസിന് സമ്മാനം ഉണ്ടാക്കി കൊടുക്കണം.''

അമ്മക്ക് അവൻ അങ്ങനെ പറഞ്ഞതും ചെയുന്നതും അത്ര ഇഷ്ടപ്പെട്ടില്ല. കാരണം, പലപ്പോഴും മറ്റു കുട്ടികൾ ചിരിച്ചും കളിച്ചും കൊണ്ട് വരുമ്പോൾ അവരുടെ മകൻ പുറകെ ഒറ്റയ്ക്ക് വരുന്നത് അമ്മ കാണാറുണ്ട്. ആ കുട്ടികൾ ഇവനെ കൂട്ടത്തിൽ കൂട്ടാറുമില്ല. അതിൽ അമ്മക്ക് വലിയ സങ്കടവും വിഷമവും തോന്നാറുണ്ട്. എന്നാലും, മകന്റെ ആഗ്രഹം സാധിച്ചു കൊടുക്കുവാൻ അമ്മ തിരുമാനിച്ചു. കുറെ കളർ കടലാസ്സുകൾ, പശ, ക്രയോൺസ് എല്ലാം വാങ്ങി മൂന്നു ആഴ്ചകൾ രാത്രി തോറും ഇരുന്നു വളരെ ബുദ്ധിമുട്ടി 35 ക്രിസ്തുമസ് കാർഡുകൾ ഉണ്ടാക്കി.

ക്രിസ്തുമസ് ദിവസം കൊച്ചുതോമ വളരെ ഉത്സാഹത്തോടെ എല്ലാ കാർഡുകളും ഒരു സഞ്ചിയിൽ വച്ച് സ്കൂളിലേക്ക് പോയി. അമ്മ നല്ല കേക്കും, മകനുള്ള ക്രിസ്തുമസ് സമ്മാനവും വാങ്ങി മകനെയും കാത്തിരുന്നു. അവൻ വളരെ നിരാശനായി വരുമെന്ന് അവർക്ക് അറിയാമായിരുന്നു. കാരണം, അവൻ എല്ലാവർക്കും ക്രിസ്തുമസ് കാർഡ് കൊടുക്കും. അവന് ആരും ക്രിസ്തുമസ് കാർഡ് കൊടുക്കില്ല. ഇത് ഓർത്ത് ഏറെ സങ്കടപ്പെട്ട് മകനെയും കാത്ത് അമ്മ വതിൽക്കൽ നിന്നു.

പുറത്തു കുട്ടികളുടെ ഒച്ച കേട്ട് അവർ ജനാലയിൽ കൂടി നോക്കി. പതിവ് പോലെ കുട്ടികൾ ചിരിച്ചു കളിച്ചു കൊണ്ട് വരുന്നു. അവരുടെ പുറകെ കൊച്ചുതോമയും പതിവിനേക്കാൾ കുറച്ചു വേഗത്തിൽ നടന്നു വരുന്നത് അമ്മ കണ്ടു. അവൻ ഇപ്പോൾ പൊട്ടി കരയുമെന്ന് ഓർത്ത് അമ്മ കരച്ചാൽ അടക്കി കൊണ്ടുപറഞ്ഞു

"മോനെ, അമ്മ നല്ല കേക്കും ക്രിസ്തുമസിനുള്ള പുത്തനുടുപ്പും വച്ചിട്ടുണ്ട്."

പക്ഷെ, അവൻ അമ്മ പറഞ്ഞത് ശ്രദ്ധിച്ചതേയില്ല. അവൻ അമ്മയുടെ അടുത്തു വന്നു. അവന്റെ മുഖം സന്തോഷത്തിൽ പ്രകാശിച്ചിരുന്നു. അവൻ പറഞ്ഞു,

"ഒന്നു പോലും മിച്ചം ഇല്ല. ഒരു കാർഡ് പോലും ബാക്കിയായില്ല."

വീണ്ടും അവൻ അമ്മയെ കെട്ടിപിടിച്ച് പറഞ്ഞു, "ഞാൻ ആരെയും മറന്നില്ല ഒരു കുട്ടിയേയും മറന്നില്ല..."

ക്രിസ്തു പറയുന്നു, "ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34 - 35). നാം മനസ്സ് തുറന്നു സ്നേഹിക്കാൻ പഠിക്കണം. പകരം എന്തെങ്കിലും കിട്ടണം എന്ന് ആശിക്കരുത്. സ്നേഹത്തിന്റെ ഏറ്റവും വലിയ തത്ത്വം പരിശുദ്ധമായ, നിസ്വാർത്ഥ സ്നേഹമാണ്. അതിന്നു വളരെയേറെ പ്രയത്നവും നല്ല മനോഭാവവും വേണം. എങ്കിൽ മാത്രമാണ് ക്രിസ്തു വിഭാവനം ചെയ്യുന്ന ഐക്യവും സ്നേഹവും കൂട്ടായ്മയും നമ്മുടെ കുടുംബങ്ങളിലും ജീവിതത്തിലും നിറഞ്ഞ് നിൽക്കു.

പലപ്പോഴും നമ്മുക്ക് കൂട്ടുകൂടാൻ ഇഷ്ടം നമ്മളെ സ്നേഹിക്കുന്നവരുമായാണ്. എന്നാൽ, ക്രിസ്തു പ്രാർത്ഥിക്കുന്ന പ്രാർത്ഥന, "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,20 - 21). ഈ പ്രാർത്ഥനയുടെ ചൈതന്യം "നമ്മളെ സ്നേഹിക്കുന്നവരുമായി കൂട്ടുകൂടുവാനുള്ള ഒന്നല്ല. മറിച്ച്, നമ്മളെ ദ്വേഷിക്കുന്നവരെ കൂടെ ഹൃദയത്തോട് ചേർത്ത് നിറുത്തുനാനുള്ള ആഹ്വാനമാണ്."

മനുഷ്യനായ് അവതരിച്ച പുത്രനായ ദൈവം ഐക്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു. പക്ഷേ, മനുഷ്യൻ പ്രാർത്ഥിക്കുന്നത് ഭൗതീകമായ നേട്ടങ്ങൾക്ക് വേണ്ടിയും!

ഒരു സർവകലാശാലയിൽ അദ്ധ്യാപകാൻ പെട്ടെന്ന് ഒരു ക്വിസ് നടത്തി. അവസാന ചോദ്യം ഏറെ കൗതുകവും ജിജ്ഞാസയും ഉളവാക്കുന്ന ഒരു ചേദ്യമായിരുന്നു. സർവകലാശാല അടിച്ചു വൃത്തിയാക്കുന്ന സ്ത്രിയുടെ പേര് എന്താണ് എന്നതായിരുന്നു അവസാനത്തെ ചോദ്യം.

അത് ശരിക്കും ആനാവശ്യമായ ചോദ്യമാണ് . ഈ വൃത്തിയാക്കുന്ന സ്ത്രിയെ പലപ്പോഴും കാണാറുണ്ട്. അവർ നല്ല പൊക്കമുള്ള കറുത്ത മുടിയുള്ള 50 വയസ്സ് പ്രായക്കാരിയയിരുന്നു. പക്ഷെ, ആ സ്ത്രീയുടെ പേര് എങ്ങിനെ അറിയാനാണ്? ഒടുവിലത്തെ ചോദ്യത്തിന് ഉത്തരം എഴുതാതെ ഞാൻ കടലാസ്സു തിരിച്ചു കൊടുത്ത് പരീക്ഷാഹാളിൽ നിന്ന് പുറത്ത് ഇറങ്ങുന്നതിന് മുൻപ് അദ്ധ്യാപകനോട് ചോദിച്ചു,

"ഒടുവിലത്തെ ചോദ്യത്തിന് ഉത്തരം എഴുതിയില്ലെങ്ങിൽ ഗ്രേഡിൽ എന്തെങ്കിലും മാറ്റം വരുമോ?"

"തീർച്ചയായും" അദ്ധ്യാപകാൻ പറഞ്ഞു.

"നിങ്ങളുടെ ഉദ്യോഗത്തിൽ പല ആളുകളെ നിങ്ങൾ കാണും. എല്ലാവരും പ്രാധാന്യം ഉള്ളവരാണ്. നിങ്ങളുടെ ശ്രദ്ധയും സ്നേഹവും അർഹിക്കുന്നവരാണ്. നിങ്ങൾ ഒന്ന് പുഞ്ചിരിക്കുകയോ അഭിനന്ദനം പറയുകയോ ചെയ്താൽ മതി."

*ഐക്യത്തിന്റെ മാതൃക പരി.ത്രിത്വം തന്നെയാണ്. "പിതാവ് + പുത്രൻ + പരി.ആത്മാവ് = പരി.ത്രിത്വം"*

നമ്മുടെ ജീവിതം സുഖകരമായും സന്തോഷകരമായും തീരുവാൻ പല ആളുകൾ നമ്മുടെ കൂടെ ഉണ്ടാവണം. നമ്മൾ അവരെ നിസ്സാരമായി കരുതും. അവരില്ലെങ്കിൽ നമ്മുടെ ജീവിതം എത്ര പ്രയാസമുള്ളതായി തീരും എന്ന് ആലോചിക്കണം. അവരെ കാണുമ്പോൾ ഒന്ന് പുഞ്ചിരിക്കാനൊ നന്ദി പറയുവാനോ സമയം കണ്ടെത്തണം. അതാണ് ക്രിസ്തീയ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പൊരുൾ.

"നാം ഒന്നായിരിക്കുന്നതുപോലെ അവരും (ക്രിസ്തുവിൽ വിശ്വസിക്കുന്നവർ) ഒന്നായിരിക്കുന്നതിന്" (യോഹ 17,22) ക്രിസ്തു പ്രാർത്ഥിച്ചു. പക്ഷെ, യാഥാർത്ഥ്യം സഹോദരനെ തിരിച്ചറിയാൻ സാധിക്കാതെ നാം ജീവിതം മുന്നോട്ട് നീക്കുന്നു. ഉൽപത്തി പുസ്തകത്തിലെ കായേന്റെയും ആബേലിന്റെയും ജീവിതം ഒരു പാഠമായിരിക്കണം കത്തോലിക്കർക്ക്.

ഒരു ദിവസം കായേലും ആബേലും വയലിലായിരിക്കേ കായേൻ ആബേലിനോടു കയർത്ത് അവനെകൊന്നു. കർത്താവു കായേനോടു ചോദിച്ചു: "നിൻെറ സഹോദരൻ ആബേൽ എവിടെ?" അവൻ പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ. സഹോദരൻെറ കാവൽക്കാരനാണോ ഞാൻ?"

കർത്താവു പറഞ്ഞു: "നീയെന്താണു ചെയ്തത്? നിൻെറ സഹോദരൻെറ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു" (ഉൽ 4).

സ്നേഹത്തിന്റെ ഇഴയടുപ്പങ്ങൾ എവിടെ അകലുന്നുണ്ടോ അവടെ ഐക്യത്തിന്റെ ബന്ധങ്ങൾക്ക് ബലക്ഷയ സംഭവിക്കുന്നുണ്ട്.

***"ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു.***
***നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.***
***ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.***
***നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും."***

യോഹ 13,34 - 35

ഫാ. ജോബി മെനോത്ത് : +91 944 7777 931